## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 811 — 01.03.2017-ൽ മറുപടിക്ക്

## ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ആദിവാസി സമൂഹങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്ന **'പെസ'** നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; | എ) | പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം **'പെസ'** നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയത് 07.04.2015-ലാണ്. പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 24 ഗ്രാമപഞ്ചായത്തുകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച് നൽകിയ 'പെസ' പട്ടികയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ അഞ്ചാം പട്ടിക പ്രദേശങ്ങൾ പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ആദിവാസി സംഘടനകൾ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ? | സി) | വിവിധ ആദിവാസി സംഘടനകളുടെ നിവേദനത്തിലെ ആവശ്യപ്രകാരം പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം **'പെസ'** നടപ്പിലാക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് കേന്ദ്രസർക്കാരിലേക്ക് 07.04.2015-ന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലായി 24 ഗ്രാമപഞ്ചായത്തുകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഊരുകളുടെ അതിർത്തികൾ ഏതെന്ന് വ്യക്തതയില്ല. നിലവിലെ ഒരു പഞ്ചായത്ത് വാർഡിനകത്ത് തന്നെ ഊരുകൾ മാത്രമായി ചെറിയ സ്വയംഭരണ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ പ്രശ്നങ്ങൾ വിശദമായി പഠിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ